**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3686          20.06.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജനകീയ വെബ് സൈറ്റ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിപ പോലുള്ള രോഗഭീതിയിൽ നിന്നും ജനത്തെ രക്ഷിക്കുന്നതിന് ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ തകിടം മറിക്കുന്ന തരത്തിൽ വകുപ്പിന്റേതെന്ന വ്യാജേന നിരവധി തെറ്റായ സന്ദേശങ്ങൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന തരത്തിലുള്ള വ്യാജവാർത്തകളും സന്ദേശങ്ങളും സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ പ്രചരിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന തരത്തിലുള്ള വ്യാജവാർത്തകളും സന്ദേശങ്ങളും സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ പ്രചരിപ്പിക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം ഉചിതമായി രീതിയിൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച 17 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | തെറ്റിദ്ധരിപ്പിക്കുന്ന സന്ദേശങ്ങളിൽ നിന്നും ജനത്തെ സംരക്ഷിക്കുന്നതിനും ശരിയായ വാർത്തകൾ അറിയുന്നതിനും വേണ്ടി ഒരു ജനകീയ വെബ് സൈറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും തെറ്റായ വാർത്തകൾക്കെതിരെ ജാഗ്രത പാലിയ്ക്കാനും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കാനും നിർദ്ദേശങ്ങളും പരസ്യങ്ങളും സോഷ്യൽ മീഡിയ വഴിയും മാധ്യമങ്ങൾ വഴിയും സർക്കാർ ഏജൻസികൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ